## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2305** **05.02.2018-ൽ മറുപടിയ്ക്ക്**

### പുതുതായി ആരംഭിച്ച ലോട്ടറികൾ

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ലോട്ടറികൾ ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ)<br>&<br>(ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശുചിത്വ ബോധവത്കരണ പ്രചരണാർത്ഥം പുതുതായി ആരംഭിച്ച നിർമൽ ദൈ്വവാര ഭാഗ്യക്കുറിയെ പിന്നീട് പേരും സമ്മാനഘടനയും പരിഷ്ക്കരിച്ച് നിർമ്മൽ പ്രതിവാര ഭാഗ്യക്കുറിയാക്കി പരിവർത്തനം ചെയ്തു. ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം ആരംഭിച്ച നിർമ്മൽ ഭാഗ്യക്കുറിയെ നിലനിർത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വെള്ളിയാഴ്ചകളിൽ നറുക്കെടുത്തിരുന്ന ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദാക്കി പകരം നിർമ്മൽ ബൈവീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21.4.17 ലെ നിർമ്മൽ-14 മത് ഭാഗ്യക്കുറി മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തി വരുന്നു. |
| (ബി) | ഇപ്രകാരം പുതുതായി ആരംഭിച്ച ലോട്ടറികളുടെ പേര് നിലനിർത്തുന്നതിന് വേണ്ടി മാത്രം നിലവിലുണ്ടായിരുന്ന ലോട്ടറികളിലേതെങ്കിലും നിർത്തലാക്കുകയോ പേര് മാറ്റുകയോ ചെയ്തിട്ടുണ്ടോ; | | |
| (സി) | പുതുതായി ആരംഭിച്ച ലോട്ടറികളുടെ പേര് മാറ്റിയത് മൂലം പരസ്യങ്ങൾ അധികമായി നൽകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ചെലവാക്കിയ തുകയെത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | ശുചിത്വ ബോധവൽക്കരണത്തിന്റെ പ്രചാരണത്തിനായി ആരംഭിച്ച നിർമ്മൽ ഭാഗ്യക്കുറിയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി പരസ്യങ്ങൾ വിവിധ ടെലിവിഷൻ ചാനലുകൾ, റേഡിയോ ചാനലുകൾ, പ്രമുഖ പത്രങ്ങൾ എന്നിവ വഴി നേരിട്ട് നൽകിയിട്ടുണ്ട്. ഈയിനത്തിൽ വകുപ്പിന് 9,85,74,750 രൂപ പരസ്യയിനത്തിൽ ചെലവായിട്ടുണ്ട്. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായിട്ടാണ് പരസ്യം നൽകിയിട്ടുള്ളത്. പ്രസ്തുത ഭാഗ്യക്കുറിയുടെ 1 മുതൽ 54 വരെയുള്ള നറുക്കെടുപ്പു കളിലായി 1046.66 കോടി രൂപയുടെ വില്പനയും 164.78 കോടി രൂപ ലാഭവുമുണ്ട്. |

സെക്ഷൻ ഓഫീസർ